ക്ലാസ്സുകളിൽ 1:30 അനുപാതവും 5 മുതൽ 10 വരെ 1:35 അനുപാതവും ഹെഡ് ടീച്ചറെ ക്ലാസ്സ് ചാർജ്ജിൽനിന്ന് ഒഴിവാക്കിയ ഒഴിവുകളും ഉപയോഗിക്കാൻ തീരുമാനിച്ചു. എന്നാൽ മേൽ സർക്കാർ ഉത്തരവുകളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ

നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ നിയമനം

85 (5158) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ കെ.എസ്.&എസ്.എസ്.ആർ. 9 a(i) പ്രകാരം എത്ര മിനിസ്റ്റീരിയൽ സ്റ്റാഫ് താല്കാലിക അദ്ധ്യാപകരായി ജോലി നോക്കുന്നുണ്ട് ; പ്രസ്തുത താല്കാലിക അദ്ധ്യാപകരെ തിരികെ യു.ഡി. ക്ലർക്കുമാരായി റിവെർട്ട് ചെയ്യാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ;

(ബി) പ്രസ്തുത താൽക്കാലിക അദ്ധ്യാപകരെ റിവെർട്ട് ചെയ്യ നിലവിലുള്ള പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്നും നോൺ വൊക്കേഷണൽ ഇംഗ്ലീഷ് ടീച്ചർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) പ്രസ്തുത താൽക്കാലിക അദ്ധ്യാപകർക്ക് നോൺ വൊക്കേഷണൽ ടീച്ചർ ഇംഗ്ലീഷ് ജൂനിയറിൽ നിന്നും സീനിയർ ആയുള്ള പ്രൊമോഷൻ തടഞ്ഞിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രൊമോഷൻ നടത്തി ഉണ്ടാവുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഡി) വൊക്കേഷണൽ ഹയർ സെക്കന്ററിയിലെ പ്രസ്തുത പ്രൊമോഷൻ, നമ്പർ ഇ 4/15124/2013 തീയതി 6-3-2015 ഗസറ്റ് നമ്പർ : 14 വാല്യം IV പ്രകാരം 7-4-2015-ൽ ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടും നാളിതുവരെയും പ്രൊമോഷൻ നടത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ; പ്രസ്തുത പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്തുമോ ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർ സെക്കന്ററിയിൽ കെ.എസ് ആന്റ് എസ്.എസ്. ആർ. 9A (i) പ്രകാരം 31 മിനിസ്റ്റീരിയൽ ജീവനക്കാർ അദ്ധ്യാപകരായി ജോലി നോക്കുന്നു. വർഷങ്ങളായി അദ്ധ്യാപക തസ്തികയിൽ തുടർന്നുവരുന്ന തങ്ങളുടെ സേവനം അദ്ധ്യാപക തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന മിനിസ്റ്റീരിയൽ ജീവനക്കാരുടെ ആവശ്യം സർക്കാർ പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യം പരിശോധനയിലാണ്.

(സി) ഇല്ല. താല്ക്കാലിക അദ്ധ്യാപകർക്ക് പ്രൊമോഷൻ നൽകുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഉണ്ട്. റൂൾ 9 a (i) പ്രകാരം അദ്ധ്യാപകരായി ജോലി നോക്കുന്ന മിനിസ്റ്റീരിയൽ ജീവനക്കാരെ റിവർട്ട് ചെയ്യണമോ എന്ന വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

തിരുവനന്തപുരം ജില്ല യു.പി. സ്കൂൾ അസിസ്റ്റന്റ് നിയമനം

86 (5160) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിച്ച തിരുവനന്തപുരം ജില്ലയിലെ യു.പി. സ്കൂൾ അസിസ്റ്റന്റ് (മലയാളം മീഡിയം) തസ്തികയിലേക്ക് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരം പി.എസ്.സി. ജില്ലാ ഓഫീസിൽ നിന്ന് ഡി.റ്റി.ബി (2) 927/09 തീയതി 26-12-2014-ലെ അഡ്വൈസ് തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടറുടെ (വിദ്യാഭ്യാസം) കാര്യാലയത്തിൽ എന്നാണ് ലഭ്യമായതെന്ന് വ്യക്തമാക്കാമോ ;

(സി) വിദ്യാഭ്യാസ വകുപ്പിൽ നിലവിലുള്ള ചട്ടപ്രകാരം അഡ്വൈസ് ലഭ്യമായാൽ ഒഴിവുകൾ നികത്തേണ്ടതിന്റെ കാലപരിധി സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ ;

(ഡി) പി.എസ്.സി.-യിൽ നിന്ന് അഡ്വൈസ് ലഭിച്ചാൽ മൂന്നു മാസത്തിനുള്ളിൽ നിയമനം നൽകണമെന്ന വ്യവസ്ഥ പ്രസ്തുത ഓഫീസ് പാലിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) മേൽ സൂചിപ്പിച്ച അഡ്വൈസിൻമേൽ നിയമനം മരവിപ്പിച്ചുകൊണ്ട് ഉദ്യോഗതലത്തിൽ സർക്കുലറുകളോ മറ്റ് ഏതെങ്കിലും പ്രത്യേക ഉത്തരവുകളോ, ഫയലിൻമേൽ കുറിപ്പുകളോ, നിലനിൽക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(എഫ്) ഇല്ലെങ്കിൽ DTB (2) 927/09 തീയതി 26-12-2014 നമ്പർ അഡ്വൈസിൻമേൽ നിയമനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ;

(ജി) ഇതിന്മേലുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടി ഉദ്യോഗാർത്ഥികൾക്ക് എന്നത്തേക്ക് നിയമനം നൽകാൻ സാധിക്കും ; അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly